



# Voice of Jagadguru


advaitam paramanandam

an e-magazine on advaita



## Anugraha Bhashana

### <u>ജഗദ്ഗുരുവിന്റെ അനുഗ്രഹഭാഷണം</u>



ഈ ലോകത്തിൽ എല്ലാവർക്കും എല്ലാ കാര്യങ്ങളും അറിയുകയില്ല. "ന ഹി സർവ്വ സർവ്വം ജാനാതി" എന്ന് നമ്മുടെ പൂർവ്വീകർ പറയാറുണ്ട്.

ഒരാൾക്ക് ചിലതൊക്കെ അറിയാം; വേറെ ചിലതൊക്കെ അറിയില്ല. നമുക്ക് അറിയാത്തത് നാം അറിവുള്ളവരിൽനിന്നും പഠിക്കുകയും നമുക്ക് അറിവുള്ളത് മറ്റുള്ളവർക്ക് പകർന്നു നൽകുകയും വേണം.

എന്നാൽ ചിലർ മറ്റുള്ളവരിൽനിന്നും എന്തെങ്കിലും പഠിക്കുന്നതിൽ ഒട്ടുംതന്നെ താല്പര്യം കാണിക്കുന്നില്ല. അത്തരക്കാരെ ഉപദേശിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല.

അവർ നമ്മുടെ നല്ല വാക്കുകളെ നിന്ദിക്കുക മാത്രമല്ല, നമ്മളെ അവഹേളിക്കുകയും ചെയ്യും.

ശ്രീമദ് വാല്മീകി രാമായണം തന്നെ നോക്കുക. വിഭീഷണൻ രാവണനെ നേർവഴിക്ക് നയിക്കുവാൻ ശ്രമിച്ചു. രാവണനാകട്ടെ, വിഭീഷണന്റെ വാക്കുകളെ അവഗണിക്കുകയും, അയാളെ അപമാനിക്കുകയും ചെയ്തു.

അതുപോലെ തന്നെ മഹാഭാരതത്തിലും ദുര്യോധനനെ ഉപദേശിച്ചു നേർവഴിക്ക് നയിക്കുവാൻ പലരും ശ്രമിച്ചു. അയാൾ ആരുടെയും വാക്കുകൾ ചെവിക്കൊണ്ടില്ല. അത്തരം ആളുകളെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നത് പാഴ്വേലയാണ്.

ഒരു വെളുത്ത തുണിയുടെ നിറം മാറ്റാൻ എളുപ്പമാണ്. ഏതു നിറവും അത് സ്വീകരിക്കും. എന്നാൽ വേറെയേതെങ്കിലും നിറമുള്ള തുണിയുടെ നിറം മാറ്റാൻ എളുപ്പമല്ല. അതുപോലെ നമ്മുടെ വാക്കുകളെ വിലവയ്ക്കുന്നവരോട് മാത്രമേ നാം എന്തെങ്കിലും ഉപദേശിക്കാവൂ. അല്ലാത്തവരിൽ നാം ഒഴിഞ്ഞുമാറുന്നതാണ് നല്ലത്.

**वचस्तत्र प्रयोक्तव्यं यत्रोक्तं लभते फलम् ।**
**स्थायी भवति चात्यन्तं रागः शुक्लपटे यथा ॥**

വചസ്തത്ര പ്രയോക്തവ്യം യത്രോക്തം ലഭതേ ഫലം ||
സ്ഥായീ ഭവതി ചാത്യന്തം രാഗ :ശുക്ലപടേ യഥാ ||

--- Jagadguru Śankarācārya His Holiness Mahāsannidhānam Śrī Śrī Srī Bhāratī Tīrtha Mahāswāmi-ji

We submit our efforts at the Lotus feet of Jagadguru Śankarācārya His Holiness Mahāsannidhānam Śrī Śrī Srī Bhāratī Tīrtha Mahāswāmiji and Jagadguru Śankarācārya His Holiness Sannidhānam Śrī Śrī Śrī Vidhuśekhara Bhāratī Mahāswāmiji

# ||आत्मबोध:||

## ആത്മബോധ

पञ्चप्राणमनोबुद्धि दशेन्द्रियसमन्वितम् ।
अपञ्चीकृतभूतोत्थं सूक्ष्माङ्गं भोगसाधनम् ॥ १३ ॥

പഞ്ചപ്രാണമനോബുദ്ധി ദശേന്ദ്രിയസമന്വിതം .
അപഞ്ചീകൃതഭൂതോത്ഥം സൂക്ഷ്മാംഗം ഭോഗസാധനം ||13 ||



പഞ്ചീകരണത്തിന് മുമ്പ് തന്മാത്രകളിൽനിന്നും ഉദ്ഭൂതമാവുന്ന അഞ്ച് പ്രാണനുകൾ, പത്ത് ഇന്ദ്രിയങ്ങൾ (അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും, അഞ്ച് കർമ്മേന്ദ്രിയങ്ങളും) മനസ്സ്, ബുദ്ധി എന്നിവ ചേർന്നതാണ് സൂക്ഷ്മശരീരം - ഒരു വ്യക്തിയുടെ അനുഭവ സമ്പാദനത്തിനുള്ള ഉപകരണങ്ങൾ.

(Jagadguru Śankarācārya His Holiness Śrī Sannidhanam Śrī Srī Vidhushekhara Bhāratī Mahāswāmiji at Sivagangai May 15-16 , 2017, Vijaya Yatra)

अनाद्यविद्यानिर्वाच्या कारणोपाधिरुच्यते ।
उपाधित्रितयादन्य मात्मानमवधारयेत् ॥ १४ ॥

അനാദ്യ വിദ്യാ നിർവ്വാച്യാ കാരണോപാധിരുച്യതെ|
ഉപാധി ത്രിതയാദന്യ മാത്മാനമവധാരയേത്||14||

സാധാരണ ശരീരം വിശദീകരിക്കാനാവാത്തതും അനാദിയുമായ അവിദ്യയാകുന്നു. എന്നാൽ "ആത്മാവ്" സ്ഥൂലസൂക്ഷ്മ കാരണങ്ങൾ (ഉപാദികൾ) ക്കതീതമായതാണ്.

पञ्चकोशादियोगेन तत्तन्मय इव स्थित: |
शुद्धात्मा नीलवस्त्रादि- योगेन स्फटिको यथा ॥ १५ ॥

പഞ്ചകോശാദിയോഗേന തത്തന്മയ ഇവസ്ഥിതഃ
ശുദ്ധാത്മാ നീനവസ്ത്രാദി-യോഗേന സ്ഫടികോ യഥാ ||15||

ഈ അഞ്ചു ആവരണങ്ങളുമായി തിരിച്ചറിയുമ്പോൾ ശുദ്ധമായ ആത്മാവിനും ഇവയുടെ ഗുണങ്ങൾ സ്വാംശീകരിച്ചതായി അനുഭവപ്പെടും. എങ്ങനെയെന്നാൽ ശുദ്ധമായ സ്ഫടികം പരിസരത്തിന്റെ നിറം സ്വാംശീകരിക്കുന്നുവോ അതുപോലെയാണ്.

# The Path of Dharma Śāstra

**ധർമ്മശാസ്ത്രത്തിന്റെ മാർഗ്ഗം**




തമിഴ്നാട്ടിൽ തേനിയിലെ വേദപുരി ശ്രീ ചിദ്ഭവാനന്ദ ആശ്രമത്തിന്റെ സ്ഥാപകാചാര്യനായ ശ്രീ ഓംകാരാനന്ദ സരസ്വതി സ്വാമികൾ ധർമ്മശാസ്ത്ര സംബന്ധിയായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു.

(1)ആൽമരത്തെയും (അശ്വത്ഥം), ആര്യവേപ്പിനെയും പ്രകൃതി മാതാവിന്റെ വൃക്ഷസാമ്രാജ്യത്തിലെ രാജകുമാരന്മാരായി കണക്കാക്കുന്നതിന്റെ പ്രസക്തി എന്താണ് ?

ആലും വേപ്പും വളരെ പ്രത്യേകതകളുള്ള പവിത്രമായ വൃക്ഷങ്ങളാണ്. ആൽവൃക്ഷത്തെക്കുറിച്ച് ശ്രീ വിഷ്ണു സഹസ്രനാമത്തിൽ പരാമർശമുണ്ട്. (ന്യഗ്രോധോദുംബരശ്വത്ഥ.......) ശ്രീമദ് ഭഗവദ്ഗീതയിൽ വിഭൂതിയോഗം എന്ന അദ്ധ്യായത്തിൽ വൃക്ഷങ്ങളിൽ താൻ അശ്വത്ഥമാണെന്ന് ഭഗവാൻതന്നെ പറയുന്നു.

അശ്വത്ഥ: സർവ്വവൃക്ഷാണം (ഗീത. 10-26)

ആയുർവ്വേദ ശാസ്ത്രപ്രകാരം ആൽവൃക്ഷത്തിന്റെ വിവിധ ഭാഗങ്ങൾ പല രോഗങ്ങൾക്കും ഔഷധമായി ഉപയോഗിക്കപ്പെടുന്നു. ആൽമരം, ഏറ്റവും കുറഞ്ഞ അളവ് വെള്ളം മാത്രമാണ് മണ്ണിൽനിന്നും വലിച്ചെടുക്കുന്നത്. എന്നാൽ ഏറ്റവും കൂടിയ തോതിൽ ഓക്സിജൻ പുറത്തുവിടുകയും ചെയ്യുന്നു. അതുപോലെ ദേവ്യാരാധനയ്ക്ക് ഉപയോഗിക്കുന്ന ആര്യവേപ്പിനും ധാരാളം ഔഷധഗുണങ്ങളുണ്ട്.

(2)ആൽവൃക്ഷത്തെയും ആര്യവേപ്പിനെയും ദമ്പതികളായി സങ്കല്പിച്ച് ആരാധിക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ടല്ലോ. അതുപോലെ മഹാഗണപതിയെയും നാഗരാജാവിനെയും ഈ വൃക്ഷങ്ങളുടെ ചുവട്ടിൽ പ്രതിഷ്ഠിക്കുന്ന ശീലവും നമുക്കുണ്ട്. ഇവ എന്താണ് സൂചിപ്പിക്കുന്നത് ?

സർവ്വവ്യാപിയായ ഈശ്വരനെയാണ് നാം ആരാധിക്കുന്നത്. ഏകദൈവ വിശ്വാസമോ ബഹുദൈവ വിശ്വാസമോ അല്ല നമ്മുടേത്. "ദൈവം മാത്രമേയുള്ളൂ" എന്നതാണ് നമ്മുടെ തത്വം.

സസ്യലോകത്തിന്റെ പ്രതിനിധിയെന്ന നിലയിലാണ് നാം ആൽവൃക്ഷത്തെ ആരാധിക്കുന്നത്. ആൽവൃക്ഷം പുരുഷശക്തിയെയും ആര്യവേപ്പ് സ്ത്രീശക്തിയെയും

പ്രതിനിധാനം ചെയ്യുന്നു. അവയെ തമ്മിൽ കല്യാണം കഴിപ്പിക്കുന്ന പാരമ്പര്യമായ ചടങ്ങ് കുടുംബത്തിൽ ഐശ്വര്യം വരുത്തുന്നതായി സങ്കല്പിക്കപ്പെടുന്നു.

ഈ വൃക്ഷങ്ങളുടെ ചുവട്ടിൽ ഗണപതിയെയും നാഗരാജാവിനെയും പ്രതിഷ്ഠിച്ച് ആരാധിക്കുന്നത് ഭക്തന്മാരുടെ സന്തുഷ്ടമായ കുടുംബജീവിതത്തിനും സന്താനൈശ്വര്യങ്ങൾക്കും കാരണമായിത്തീരുന്നു. ഭാരതീയരുടെ ശ്രദ്ധയെയാണിത് കാണിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രീതികളിൽ ഈ ആരാധനകൾ നടന്നുവരുന്നു.

(3) നമ്മുടെ ശാസ്ത്രപ്രകാരമുള്ള നിത്യധർമ്മാനുഷ്ഠാനത്തിൽ പ്രകൃതിയെ ആരാധിക്കുന്നതും സംരക്ഷിക്കുന്നതും പഞ്ചമഹായജ്ഞങ്ങളിലൊന്നായി പറയപ്പെടുന്നു. ഇത് പുരുഷന്മാർ മാത്രം അനുഷ്ഠിക്കേണ്ടതാണോ, അതോ എല്ലാവർക്കും അനുഷ്ഠിക്കാമോ ? അങ്ങനെയാണെങ്കിൽ യജ്ഞം അനുഷ്ഠിക്കേണ്ടതെങ്ങനെ ?

ഈശ്വരാരാധന (ദേവയജ്ഞം), പൂർവ്വികരേയും മാതാപിതാക്കളെയും ആരാധിക്കുക (പിതൃയജ്ഞം), സസ്യജാലങ്ങളെയും ജീവജാലങ്ങളെയും സംരക്ഷിക്കുക (ഭൂതയജ്ഞം), സഹജീവികളെ സഹായിക്കുക (നരയജ്ഞം), വൈദിക ഗ്രന്ഥങ്ങൾ സ്വാദ്ധ്യായം ചെയ്യുക (ബ്രഹ്മയജ്ഞം) ഇവയാണ് പഞ്ചമഹായജ്ഞങ്ങൾ.

ഏതു വിഭാഗത്തിൽപ്പെട്ട ഗൃഹസ്ഥരും അനുഷഠിക്കേണ്ടതാണ് ഈ യജ്ഞങ്ങൾ. നമ്മുടെ സംസ്ക്കാരം ഗൃഹസ്ഥാശ്രമിയെ ഒറ്റപ്പെട്ട ഒരു വ്യക്തിയായല്ല കണക്കാക്കുന്നത്. അയാൾക്ക് വിധിക്കപ്പെട്ട കർമ്മങ്ങൾ സഹധർമ്മിണിയുടെ (ധർമ്മപത്നിയുടെ) സഹായത്തോടെയാണ് നിർവ്വഹിക്കപ്പെടേണ്ടത്.

പഞ്ചമഹായജ്ഞങ്ങൾ ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചാണ് നിർദ്ദേശിച്ചിട്ടുള്ളത്. അവർ ഒരുമിച്ച് തന്നെ അനുഷ്ഠിക്കേണ്ടവയാണ്.

# Puja Vidhānam

**<u>പൂജാവിധാനം</u>**



സനാതനധർമ്മപ്രകാരം നമ്മുടെ ആവശ്യങ്ങൾ സർവ്വശക്തനായ ഈശ്വരനോട് ഉണർത്തിക്കുവാനും നമ്മുടെ കർമ്മങ്ങൾക്കനുസൃതമായ ഫലങ്ങൾ തന്ന് നമ്മെ അനുഗ്രഹിക്കുവാനും ഉള്ള പ്രാർത്ഥനാരൂപേണയുള്ള എളുപ്പമായ മാർഗ്ഗം നിത്യപൂജയാണെന്ന് പരിഗണിക്കപ്പെടുന്നു. അത് ഈശ്വരനോട് പാരമ്പര്യരീതിയനുസരിച്ചുള്ള വിനയപൂർവ്വമായ നന്ദിപ്രകടനമാണ്. വൈദികകാലം മുതൽക്ക് തന്നെ നിത്യപൂജയ്ക്ക്, ഒരു ആരാധനാരീതി എന്ന നിലയിലും, ആത്മീയസാധന എന്ന നിലയിലും പ്രാധാന്യം കൈവന്നിരിക്കുന്നു. ഈ പവിത്രമായ കർമ്മം പ്രഭാതത്തിൽ തന്നെ ചെയ്യുന്നത് നല്ല ഉണർവ്വോടെ ഒരു ദിവസം തുടങ്ങുന്നതിനു സഹായകമാണ്. എല്ലാവർക്കും നന്മ ആശംസിക്കുന്ന "സർവ്വേ ജനാ: സുഖിനോ ഭവന്തു" എന്ന സംസ്കൃതവാക്യത്തെ ഓർമ്മിപ്പിക്കുന്നതാണ് ഈ പ്രഭാതപൂജ.

നിത്യപൂജയ്ക്ക് പ്രായം, ലിംഗം, സാമൂഹ്യനില ഇവയുമായൊന്നും യാതൊരു ബന്ധവുമില്ല. ആത്മാർത്ഥമായ ഭഗവദ്ഭക്തിയൊന്നു മാത്രമേ വേണ്ടൂ ! നമ്മളിൽ പലരും നിത്യപൂജ ചെയ്യുന്നവരാണെങ്കിലും ശരിയായ രീതിയിൽ എങ്ങനെയാണ് അതനുഷ്ഠിക്കേണ്ടതെന്ന കാര്യത്തിൽ പലർക്കും അത്ര നിശ്ചയംപോരാ. പൂർണ്ണ സംതൃപ്തി ലഭിക്കുന്ന രീതിയിൽ ചിട്ടയായും ലളിതമായും നിത്യപൂജാനുഷ്ഠാനം എങ്ങനെയാണ് നിർവഹിക്കേണ്ടത് എന്നതിനെക്കുറിച്ച് നാമോരോരുത്തരും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്.

**<u>1)നിത്യപൂജ എന്നാലെന്ത് ?</u>**

പൂജ എന്ന സംസ്കൃതപദത്തിന് ആരാധന എന്നർത്ഥം. നിത്യവുംചെയ്യുന്ന ആരാധന / പൂജ നിത്യപൂജ എന്നറിയപ്പെടുന്നു. ഈ മനുഷ്യജീവിതം തന്ന് നമ്മെ അനുഗ്രഹിച്ചതിന് ഈശ്വരനോടുള്ള നന്ദിപ്രകാശനമാണ് പൂജ.

**<u>2)നിത്യപൂജ, പ്രഭാതത്തിൽ തന്നെ അനുഷ്ഠിക്കുന്നതെന്തുകൊണ്ട് ?</u>**

സൂര്യനുദിക്കുന്ന പ്രഭാതവേളകൾ പ്രസന്നവും ഐശ്വര്യപൂർണ്ണവുമാണെന്നു മാത്രമല്ല,

ആ സമയത്ത് ചെയ്യുന്ന പവിത്രകർമ്മങ്ങൾ കൂടുതൽ ഫലവത്താകുന്നതുമാണ്. പൂജാനുഷ്ഠാനത്തിന് ശാന്തവും സമാധാനപൂർണ്ണവുമായ മനസ്സ് ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. രാത്രിയിലെ പൂർണ്ണ വിശ്രമത്തിനുശേഷം ഉണർന്നെഴുന്നേല്ക്കുമ്പോൾ ലഭിക്കുന്നത്ര ശാന്തിയും സമാധാനവും മനസ്സിന് ഒരു ദിവസത്തിലെ മറ്റൊരു സമയത്തുമുണ്ടാവില്ല. ദൈവികശക്തികൾ ഉർന്നിരിക്കുന്ന പ്രഭാതസമയത്തിൽ മനസ്സിന് ഒരു ധ്യാനാവസ്ഥയുമുണ്ടാവും.

**<u>3)നിത്യപൂജയ്ക്കുള്ള തയ്യാറെടുപ്പ്</u>**

പൂജാനുഷ്ഠാനത്തിന് മുമ്പുതന്നെ നമ്മുടെ ശരീരവും അതിനുവേണ്ടി തയ്യാറെടുക്കണമെന്നത് വളരെ പ്രധാനമാണ്. തലേന്ന്തന്നെ ധരിക്കേണ്ട വസ്ത്രം വൃത്തിയായി നനച്ചുണക്കി വെക്കേണ്ടതാണ്. അവ തന്നെയാണ് ധരിക്കേണ്ടത്. ലൗകികത്തിൽ പല കാര്യങ്ങൾക്കും ചില പ്രത്യേക വസ്ത്രധാരണ നിയമങ്ങൾ ഉള്ളതുപോലെതന്നെ പൂജാനുഷ്ഠാനത്തിലും വസ്ത്രധാരണത്തിൽ ചില ചിട്ടകൾ പാലിക്കേണ്ടതുണ്ട്. പുരുഷന്മാർ മുണ്ടും നേരിയതും ധരിക്കുകയും സ്ത്രീകൾ സാരി / പുടവ ധരിക്കുകയുമാണ് വേണ്ടത്. ഈ സമ്പ്രദായം പൂജാവേളയിൽ മനസ്സിൽ നല്ല ചിന്തകളെ ഉദ്ദീപിപ്പിക്കും.

**<u>4)നിത്യപൂജാനുഷ്ഠാനം</u>**

പൊതുവേ എല്ലാ വീടുകളിലും ഈശ്വരാരാധനയ്ക്ക് / ജപപൂജാദികൾക്ക് ഒരു പ്രത്യേക സ്ഥലമുണ്ടായിരിക്കും. അഥവാ ബഹളങ്ങൾ കുറഞ്ഞ ഒതുങ്ങിയ ഏതെങ്കിലും ഒരു മൂലയുണ്ടായിരിക്കും.

1. കിഴക്ക് /വടക്ക് ദിക്കിന് അഭിമുഖമായി ഒരു പായോ തടുക്കോ ഇട്ടിരിക്കുക
2. അതിനു മുമ്പുതന്നെ ആ സ്ഥലവും പൂജാവിഗ്രഹങ്ങളും ജലം തളിച്ചു / തുടച്ച് വൃത്തിയാക്കണം. വിഗ്രഹങ്ങളിൽ ചന്ദനമോ കുങ്കുമമോ ചാർത്തുക.
3. കിഴക്കും വടക്കും ദിക്കുകളെ നോക്കുന്ന രീതിയിൽ രണ്ട് (ഒന്ന് സൂര്യനും മറ്റേത് ഈശ്വരനും) വിളക്കുകൾ കത്തിക്കുക.
4. വിളക്ക് കൊളുത്തിയതിനുശേഷം ഗുരുസ്തുതിയും തുടർന്ന് ശ്രീഗണേശസ്തുതിയും ചൊല്ലുക. വേദങ്ങൾ, ഈശ്വരനേക്കാൾ ഗുരുവിനാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.
5. അതിനുശേഷം നിങ്ങളുടെ സമയസൗകര്യമനുസരിച്ചും, കുടുംബസമ്പ്രദായമനുസരിച്ചും മറ്റ് ദേവീദേവന്മാരുടെ സ്തോത്രങ്ങൾ ചൊല്ലുക.
6. ശ്ലോകങ്ങൾ ചൊല്ലിയിട്ട് ദേവീദേവന്മാരുടെ വിഗ്രഹങ്ങളെ (ചിത്രങ്ങളെ) പൂക്കൾകൊണ്ട് അലങ്കരിക്കുകയും, ചന്ദനത്തിരികൾ കത്തിച്ചുവയ്ക്കുകയും ചെയ്യുക. അതിനുശേഷം ഭഗവാന് നൈവേദ്യം സമർപ്പിക്കുക.
7. അവസാനമായി കർപ്പൂരം കാണിച്ച് ആരതിയോടെ പൂജ സമാപിക്കട്ടെ.
8. സന്ധ്യാവന്ദനം അനുഷ്ഠിക്കുന്നവർ നിത്യപൂജ / ജപം തുടങ്ങുമ്പോൾ ആചമനവും ഗായത്രിജപവും ചെയ്യേണ്ടതാണ്.

Our Website link : https://voiceofjagadguru.com/voj/

Telegram Channel : https://t.me/voiceofjagadguru

Instagram Channel :

https://www.instagram.com/stories/voice_of_jagadguru_voj/3601249542534134684?igsh=MW90YW13N2c5b2hqaA==

WhatsApp Community Channel: https://chat.whatsapp.com/Ly4wlaTu8Kc3sjjEYU8KGu

YouTube Channel : https://youtube.com/@jagad-guru-channel?si=brkLFqiz8sZJ6UIl

| Editorial Board | | |
|---|---|---|
| Sri P A Murali | Hon' Advisor | Administrator & CEO, Sri Sringeri Mutt & It's Properties, Sringeri |
| Sri S N Krishnamurthy | Hon' Editor | Sri Sringeri Mutt, Sringeri |
| Sri Tangirala Shiva Kumara Sharma | Hon' Editor | Sri Sringeri Mutt, Sringeri |
| Sri B Vijay Anand | Web Director | Coimbatore |
| Smt B Srimathi Veeramani | Web Asst Director & Chief Editor | Tirunelveli |
| Sri K M Kasiviswanathan | Hon' Editor | Tirunelveli |